# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 276 - 05.03.2012 - ൽ മറുപടിക്ക്

**സ്വയം സംരംഭക മിഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി** | | **ശ്രീ. കെ.എം. മാണി**<br>**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | സ്വയം സംരംഭക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തതിനുശേഷം, പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശരഹിത സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പു വരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. +2, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. |
| (ബി) | ഈ പദ്ധതി ഏതു നോഡൽ ഏജൻസി വഴി യാണ് നടപ്പാക്കുന്നത്; | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. |
| (സി) | സംരംഭത്തിനുള്ള രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടോ? | ഈ പദ്ധതിയുടെ ആദ്യ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ 2011 ഡിസംബർ 12 മുതൽ 2012 ജനുവരി 7 വരെ ആയിരുന്നു. |

സെക്ഷൻ ഓഫീസർ